## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 1229

12.03.2015 – ൽ മറുപടിയ്ക്ക്

## കയർ വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>,, എളമരം കരീം<br>,, കെ.സുരേഷ് കുറുപ്പ്<br>ഡോ.ടി.എം.തോമസ് ഐസക് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| എ) കയർ വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | എ) കയർ വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ വിലയിരുത്തി അപ്പപ്പോൾ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കയർ സഹകരണ സംഘങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കാൻ കയർഫെഡിന് 2013-14 വർഷം 4,86,20,000/- രൂപ സർക്കാർ നൽകി. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 01/03/2014 മുതൽ 300/- രൂപയായും ഉല്പന്ന മേഖലയിലെ കുറഞ്ഞ കൂലി 01/03/2013 മുതൽ 360/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി പ്രകാരം 2011-12- ൽ 388 കയർ സഹകരണസംഘങ്ങൾക്ക് 9,54,73,406/- രൂപയും, 2012–13 ൽ 440 സംഘങ്ങൾക്ക് 89692648/- രൂപയും 2013–14 ൽ 78 സംഘങ്ങൾക്ക് 1,45,25,260/- രൂപയും, നടപ്പു വർഷം 15,84,250/- രൂപയും പ്രവർത്തന മൂലധനമായി അനുവദിച്ചു. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് 2011–12 ൽ 1,27,50,175/- രൂപയും, 2012–13 ൽ 2,07,59,149/- രൂപയും, 2013–14 ൽ 11,20,75,971/- രൂപയും, നടപ്പുവർഷം ഇതുവരെ 8,98,21,886/- രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ, ചകിരി ഉല്പാദക |

| | |
|---|---|
| | സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് സംഭരിച്ച് ച കിരിയാക്കു ന്നതിന് പ്രാദേശികമായ സാഹചര്യങ്ങൾ കൂടി ഉൾക്കൊണ്ട് പ്രായോഗികമായ രീതിയിൽ നടപ്പാക്കുന്നതിന് 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' എന്ന ഒരു പുതിയ പദ്ധതിക്കും നാളികേര വികസന ബോർഡു മായിട്ടുള്ള ഒരു പ്രോജക്റ്റിനും അംഗീകാരം നൽകിയിട്ടുണ്ട്. |
| ബി) മേഖലയിലെ പ്രതിസന്ധി കാരണം തൊഴിൽ നഷ്ടപ്പെട്ട് പട്ടിണിയിലായ തൊഴിലാളികൾ നടത്തിയ പ്രക്ഷോഭം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളോടുള്ള സർക്കാരിന്റെ പ്രതികരണമെന്താണെന്ന് അറിയിക്കാമോ; | ബി) കയർ മേഖലയിലെ ഒരു വിഭാഗം തൊഴിലാളികൾ നടത്തുന്ന പ്രക്ഷോഭം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രക്ഷോഭകർ ഉന്നയി ച്ചിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| സി) പ്രതിസന്ധി പരിഹരിക്കുന്നതിന് ഫലപ്രദമായ ഇടപെടൽ നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണ മെന്താണെന്ന് വ്യക്തമാക്കാമോ; | സി) കയർ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഫലപ്രദമായ ഇടപെടലു കൾ നടത്തിയിട്ടുണ്ട്. |
| ഡി) ഉൽപാദനച്ചെലവിന്റെ അടിസ്ഥാന ത്തിൽ വില നൽകി കയറുൽപന്നങ്ങൾ സംഭരിക്കുന്നതിന് കയർഫെഡിന് നിർദ്ദേശം നൽകാൻ തയ്യാറാകുമോ; | ഡി) ഉല്പാദന ചെലവിന്റെ അടിസ്ഥാനത്തിൽ വില നൽകി സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന കയർ സംഭരിക്കുന്നതിന് കയർഫെഡിന് യഥാസമയം നിർദ്ദേശം നൽകി വരുന്നു. |
| ഇ) പരമ്പരാഗത രീതിയിൽ നിർമ്മിക്കുന്ന കയർ ഉൽപന്നങ്ങൾക്ക് സബ്സിഡിയും മറ്റ് പ്രത്യേക പരിഗണനകളും നൽകി വിപണി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | ഇ) കൈത്തറി ഉൽപന്നങ്ങൾക്ക് ഇൻസെന്റീവ് നൽകി ക്രയവിലസ്ഥിരതാ പദ്ധതി നടപ്പിലാക്കി വരുന്നു. |
| എഫ്) സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കയർ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനും മറ്റ് ആശ്വാസ നടപടികൾ സ്വീകരിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | എഫ്) കയർ മേഖലയിലെ തൊഴിലാളി കൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനും മേഖലയെ സംരക്ഷിച്ചുപോരുന്നതിനും ഉതകുന്ന ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 01/03/2014 മുതൽ 300/- രൂപയായും ഉല്പന്ന മേഖലയിലെ കുറഞ്ഞ കൂലി 01/03/2013 മുതൽ 360/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. കയർ മേഖലക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്ര |

| | |
|---|---|
| | മായ മാറ്റങ്ങൾ വരുത്തി ഒരു പുതിയ പദ്ധതിക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ കയർ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാകുന്നതിനും അതുവഴി മെച്ചപ്പെട്ട വരുമാനവും ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകുന്നതാണ്. കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം വർദ്ധിപ്പിച്ചു നൽകിയതു മൂലം ഉല്പാദന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ സംഘങ്ങൾക്കായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | ആവശ്യം | സ്വീകരിച്ച നടപടികൾ |
|---|---|---|
| 1 | കയർ വ്യവസായം സംരംക്ഷിക്കുക, തൊഴിലും കൂലിയും ഉറപ്പു വരുത്തുക | കയർ വ്യവസായം സംരക്ഷിക്കുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. ചകിരി സംഭരിച്ച് സബ്സിഡി നിരക്കിൽ നൽകാൻ കയർഫെഡിന് 2013-14 വർഷം 4,86,20,000/- രൂപ സർക്കാർ നൽകി. തൊണ്ട് സംഭരിച്ച് ചകിരി യാക്കുന്നതിന് ഒരു പുതിയ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതിന് സർക്കാർ അംഗീകാരം നൽകിക്കഴിഞ്ഞു. നാളികേര വികസന ബോർഡുമായിട്ടുള്ള പ്രോജക്ടിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രവർത്തന ക്ഷമമായ എല്ലാ സംഘങ്ങൾക്കും റിവൈവൽ പദ്ധതി പ്രകാരം പ്രവർത്തന മൂലധനം വർദ്ധിപ്പിച്ചു നൽകി. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർ പിരി മേഖലയിലെ കുറഞ്ഞ കൂലി 01/03/2014 മുതൽ 300/- രൂപയായും ഉൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലി 01/03/2013 മുതൽ 360/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായ ങ്ങൾ തുടർന്നും നൽകി വരുന്നു. |
| 2. | തൊഴിലോ അല്ലെങ്കിൽ ആശ്വാസധനമോ നൽകുക | കയർ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് പ്രദേശികമായ സാഹചര്യങ്ങൾ കൂടി ഉൾക്കൊണ്ട് കുറേക്കൂടി പ്രായോഗികമായ രീതിയിൽ ആവിഷ്കരിച്ചു നടപ്പാക്കുന്നതിന് 'തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും' എന്ന ഒരു പുതിയ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിക്കഴിഞ്ഞു. നിലവിലുണ്ടായിരുന്ന തൊണ്ട് സംഭരണ പദ്ധതിയിലെ പോരായ്മകൾ പരിഹരിച്ചുകൊണ്ടാണ് പുതിയ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. കയർപിരി/ ഉൽപ്പന്ന മേഖലകളിലെ കുറഞ്ഞ കൂലി യഥാക്രമം 300/- |

| | | |
|---|---|---|
| | | രൂപയും 360/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർ പിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. |
| 3. | കയർ സംഘങ്ങൾക്ക് കയർഫെഡ് നൽകാനുള്ള 3 കോടി രൂപ നൽകുക | കയർഫെഡിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 4. | ആറുമാസമായി പെൻഷൻ ലഭിക്കുന്നില്ല, കുടിശ്ശിക തീർത്ത് ഉടൻ നൽകുക, പെൻഷൻ 1000/- രൂപയായി വർദ്ധിപ്പിക്കുക. | കയർതൊഴിലാളി പെൻഷൻ 01/04/2014 മുതൽ 600/- രൂപയായി വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. ആഗസ്റ്റ് 2014 വരെയുള്ള പെൻഷൻ കുടിശ്ശിക (27.50 കോടി രൂപ) വിതരണം ചെയ്തു കഴിഞ്ഞു. സെപ്റ്റംബർ 2014 മുതലുള്ള 6 മാസത്തെ പെൻഷൻ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനായുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 5. | തൊണ്ടും ചകിരിയും സംഭരിച്ചു നൽകാനുള്ള നടപടികൾ സ്വീകരിക്കുക. | കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് പ്രദേശികമായ സാഹചര്യങ്ങൾ കൂടി ഉൾക്കൊണ്ട് കുറേക്കൂടി പ്രായോഗികമായ രീതിയിൽ ആവിഷ്കരിച്ചു നടപ്പാക്കുന്നതിന് 'തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും' എന്ന ഒരു പുതിയ പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകിക്കഴിഞ്ഞു. ചകിരി സംഭരിച്ച് സബസിഡി നിരക്കിൽ വിതരണം നൽകാൻ കയർഫെഡിന് 2013-14 വർഷം 4,86,20,000/- രൂപ സർക്കാർ നൽകി. |
| 6. | സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകുക | പുനരുദ്ധാരണ പദ്ധതി പ്രകാരം ഏതാണ്ടെല്ലാ കയർ സഹകരണ സംഘങ്ങൾക്കും പ്രവർത്തന മൂലധനം നൽകിയിട്ടുണ്ട്. 2011-12 ൽ 388 കയർ സഹകരണ സംഘങ്ങൾക്ക് 9,54,73,406/- രൂപയും 2012-13 ൽ 440 സംഘങ്ങൾക്ക് 8,96,92,648/- രൂപയും നടപ്പുവർഷം 15,84,250/- രൂപയും പ്രവർത്തന മൂലധനമായി അനുവദിച്ചു. |
| 7. | നിലവിലുള്ള കടബാദ്ധ്യതകൾ എഴുതിത്തള്ളുക, ജപ്തി നടപടികൾ നിർത്തി വയ്ക്കുക | സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ് |
| 8. | ഉൽപ്പാദന ക്ഷമതയുള്ള യന്ത്രവൽക്കൃത റാട്ടുകളും ലുമുകളും, തൊഴിലാളികൾക്കും അവരുടെ കയർ സഹകരണ | 198 മിനി ഡീഫൈബറിംഗ് മെഷീനുകൾ വിവിധ പ്രോജക്ടുകളിലെ സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. 76 സംഘങ്ങൾക്കായി 5,717/-ഇലക്ട്രോണിക് റാട്ടുകൾ നിർമ്മിച്ചു വിതരണം ചെയ്യുന്നതിനായി 1,65,79,300/- രൂപ കയർ മെഷിനറി ഫാക്ടറിക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| | സംഘങ്ങൾക്കും നൽകുക. | നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് വഴി വികസിപ്പിച്ചെടുത്ത മിനി ഡീഫൈബറിംഗ് മെഷീനുകൾ കയർ സഹകരണ സംഘങ്ങൾക്ക് സൗജന്യമായും സ്വകാര്യ ഉൽപ്പാദകർക്ക് സൗജന്യ നിരക്കിലും നൽകി വരുന്നു. |
| 9. | ക്രയവില സ്ഥിരതാ പദ്ധതി ഉർജ്ജിതമായി നടപ്പാക്കുക. | ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം 2011-12 ൽ 10,00,00,000/- രൂപയും 2012-13 ൽ 18,39,60,000/- രൂപയും, 2013-14 ൽ 4,62,37,000/- രൂപയും, 2014-15 ൽ 2,00,00,000/- രൂപയും കയർ കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ